# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .2716 — 21.06.2012 ന് മറുപടിയ്ക്ക്

### ആലപ്പുഴ ജില്ലയിൽ റവന്യൂ വകുപ്പിലെ സ്ഥലം മാറ്റം, റീ അലോട്ട്മെന്റ് എന്നിവ സംബന്ധിച്ച പട്ടിക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി. തിലോത്തമൻ : | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) റവന്യൂ വകുപ്പിൽ ആലപ്പുഴ ജില്ലയിൽനിന്നും പ്രൊമോഷൻ നേടി മറ്റ് ജില്ലകളിൽ നിയമിക്കപ്പെട്ട യു.ഡി. ക്ലർക്ക്, വില്ലേജ് ഓഫീസർ തസ്തികകളിൽപ്പെട്ടവരും ഇനിയും തിരിച്ച് ആലപ്പുഴ ജില്ലയിലേക്ക് പോസ്റ്റ് ചെയ്യപ്പെടേണ്ടവരുമായ ജീവനക്കാരുടെ ലിസ്റ്റുകൾ മുൻഗണനാക്രമത്തിൽ തയ്യാറാക്കിയത് ലഭ്യമാക്കുമോ ; | (എ) റവന്യൂ വകുപ്പിൽ ആലപ്പുഴ ജില്ലയിൽനിന്നും പ്രൊമോഷൻ നേടി മറ്റ് ജില്ലകളിൽ നിയമിക്കപ്പെട്ടതും ഇനിയും തിരിച്ച് ആലപ്പുഴ ജില്ലയിലേയ്ക്ക് നിയമനം ലഭിക്കേണ്ട യു.ഡി. ക്ലർക്ക്/സ്പെഷ്യൽ വില്ലേജ് ഓഫീസർ തസ്തികയിലുള്ള ജീവനക്കാരുടെയും ഹെഡ് ക്ലർക്ക്/വില്ലേജ് ഓഫീസർ /റവന്യൂ ഇൻസ്പെക്ടർ തസ്തികയിലുള്ള ജീവനക്കാരുടെയും ലിസ്റ്റ് യഥാക്രമം അനുബന്ധം 1, അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്. |
| (ബി) നിയമസഭയിൽ നൽകിയ മറുപടിയുടെയും സമർപ്പിച്ച ലിസ്റ്റിന്റെയും അടിസ്ഥാനത്തിൽ റവന്യൂ വകുപ്പിലെ യു.ഡി. ക്ലർക്ക്, വില്ലേജ് ഓഫീസർ റാങ്കിലുള്ളവരിൽ ആലപ്പുഴ ജില്ലയിലേക്ക് മാറ്റം ലഭിക്കേണ്ടവരുടെ മുൻഗണനാ ലിസ്റ്റ് പ്രകാരം എത്ര പേർക്ക് തിരിച്ച് ജില്ലയിലേക്ക് മാറ്റം നൽകിയെന്നും മുൻപ് നൽകിയ ലിസ്റ്റുകളിലെ ക്രമനമ്പർ എത്രവരെയുള്ളവരാണ് ഇപ്രകാരം മാറ്റപ്പെട്ടത് എന്നും വ്യക്തമാക്കുമോ ; | (ബി) യു.ഡി. ക്ലർക്ക്/ സ്പെഷ്യൽ വില്ലേജ് ഓഫീസർ തസ്തികയിൽ ലിസ്റ്റിലെ ക്രമനമ്പർ 1 മുതൽ 17 വരെയുള്ളവർക്ക് സീനിയോറിറ്റി അടിസ്ഥാനമാക്കിയുള്ള റീഅലോട്ട്മെൻറും 51, 53, 57, 67 ക്രമനമ്പറിലുള്ളവർക്ക് കമ്പാഷണേറ്റ് ഗ്രൗണ്ടിലും ആലപ്പുഴ ജില്ലയിലേക്ക് തിരിച്ച് സ്ഥലംമാറ്റം നൽകിയിട്ടുണ്ട്. ഹെഡ്ക്ലാർക്ക്/വില്ലേജ്-ഓഫീസർ/റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ ലിസ്റ്റിലെ ക്രമനമ്പർ 1-ന് സ്ഥലം മാറ്റം വേണ്ടെന്ന് അപേക്ഷിച്ചതിനാൽ ക്രമനമ്പർ 2 മുതൽ 4 വരെ യുള്ളവർക്ക് സീനിയോറിറ്റി അടിസ്ഥാന ത്തിലും 17, 23, 48 ക്രമനമ്പറിലുള്ളവർക്ക് കമ്പാഷണേറ്റ് ഗ്രൗണ്ടിലും ആലപ്പുഴ ജില്ലയിലേക്ക് സ്ഥലം മാറ്റം അനുവദിച്ചിട്ടുണ്ട്. |
| (സി) ആലപ്പുഴ ജില്ലയിൽനിന്നും മറ്റ് ജില്ലകളിലേക്ക് പ്രൊമോഷൻ ലഭിച്ച് മാറിപ്പോയ റവന്യൂ വകുപ്പിലെ യു.ഡി. ക്ലർക്ക്, വില്ലേജ് ഓഫീസർ റാങ്കിലുള്ള ജീവനക്കാരുടെ റീ അലോട്ട്മെന്റിനുള്ള മുൻഗണനാ ലിസ്റ്റ് മുൻപ് നിയമസഭയിൽ നൽകിയതിൽ നിന്നും മാറ്റമുണ്ടായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തുകൊണ്ടാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ